# Regional Agricultural Research Station, Ambalavayal

Kerala Agricultural University, Ambalavayal, Wayanad - 673 593

മേഖലാ കാർഷിക ഗവേഷണ കേന്ദ്രം, കേരള കാർഷിക സർവ്വകലാശാല, അമ്പലവയൽ, വയനാട് 673593

Phone: 04936 260421, web: www.kau.edu, email: rarsamb@kau.in


**നമ്പർ. ഇ 5025 /2023** തീയതി. 19**.11.202**3

## ടെൻഡർ നോട്ടീസ്

കേരള കാർഷിക സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ വച്ച് 2024 **ജനുവരി മാസം 01 മുതൽ 15 വരെ** നടത്തുന്ന പുഷ്പഫല പ്രദർശനമേള **"പൂപ്പൊലി** 2024 "ന്റെ ഭാഗമായി **അമ്യൂസ്മെന്റ് പാർക്ക് (മരണക്കിണർ ഒഴികെ)** ഏർപ്പാടാക്കിത്തരുന്നതിന് ഇത്തരം പ്രവർത്തികൾ നടത്തുന്ന **GST രജിസ്ട്രേഷനുള്ള സ്ഥാപനങ്ങൾ/വ്യക്തികൾ** നിന്നും മുദ്രവച്ച ടെൻഡറുകൾ ക്ഷണിച്ചുകൊള്ളുന്നു

**പുഷ്പഫല പ്രദർശനമേള പൂപ്പൊലി 2024– അമ്യൂസ്മെന്റ്പാർക്കിനുള്ള ടെൻഡർ**

അമ്യൂസ്മെന്റ് പാർക്ക് : ഒരെണ്ണം (ഏകദേശം ഒരേക്കർ സ്ഥലത്ത്)

അടിസ്ഥാന വില 5 ലക്ഷം രൂപ

1. ഇതിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന ഐറ്റങ്ങളുടെ പട്ടിക നൽകേ താണ്.
2. പൊതുജനങ്ങളുടെ ജീവന് ഭീഷണിയുള്ള ഐറ്റങ്ങൾ ഒഴിവാക്കേ താണ്
3. സുരക്ഷ സംബന്ധിച്ച് ആവശ്യമായ മുൻകരുതലുകളും, ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും നേടേ അനുമതിയും ടെൻഡർ ലഭിക്കേ വർ നേടേ താണ്
4. **ടെൻഡർ സമർപ്പിക്കുന്ന വ്യക്തിയുടെ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് ടെൻഡറിനോടൊപ്പം സമർപ്പിക്കേ താണ്**
5. **ടെൻഡർ ലഭിക്കുന്ന ആൾക്കും, കൂടെയുള്ള തൊഴിലാളികൾക്കും ഈ സ്ഥാപനത്തിന്റെ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് നിർബന്ധമാണ്. ഇത് ലഭിക്കുന്നതിനായി ഫോട്ടോയും, തിരിച്ചറിയൽ കാർഡുകളും എക്സിബിഷൻ തുടങ്ങുന്നതിന് ഒരാഴ്ച മുൻപ് ഓഫീസിൽ ഹാജരാക്കേ താണ്**
6. **മേൽ ദിവസങ്ങളിൽ രാവിലെ 9 മണി മുതൽ രാത്രി 9 മണി വരെ മാത്രം ആയിരിക്കും എക്സിബിഷൻ സമയം**
7. **ടെൻഡർ സംബന്ധമായ കൂടുതൽ വിവരങ്ങൾ 04936 260421 ഫോൺ നമ്പരിൽ നിന്നും അറിയാവുന്നതാണ്**

ടെൻഡർ കവറിനുപുറത്ത്എഴുതേ ത്: **പൂപ്പൊലി 2024- അമ്യൂസ്മെന്റ് പാർക്കിനുള്ള ടെൻഡർ**

| | | |
|---|---|---|
| ടെൻഡർ ലഭിയ്ക്കേ അവസാന തിയതി, സമയം | : | **01 .12.2023, 11.00 am** |
| ടെൻഡർ തുറക്കുന്ന തിയതി, സമയം | : | **01. 12.2023 , 11.30 am** |
| നിരതദ്രവ്യം | : | **10,000**/– രൂപ (ഡിഡി/പണം ആയി) |
| ടെൻഡർ വില: | ; | **ക്വോട്ട് ചെയ്യുന്ന തുകയുടെ 0.2 %** |
| | | **(കുറഞ്ഞത് 1000/ രൂപ)** |

സെക്യൂരിറ്റി ഡെപ്പോസിറ്റ് : **25,000**/- (ഇരുപത്തി അയ്യായിരം രൂപ)

ടെൻഡർ സമർപ്പിക്കേ വിലാസം: **അസോസിയേറ്റ്ഡയറക്ടർഓഫ്റിസർച്ച്**
**പ്രാദേശിക കാർഷികഗവേഷണകേന്ദ്രം**
**അമ്പലവയൽ, വയനാട്**

**ടെൻഡർ ഫോമും അനുബന്ധ ഫോമുകളും കാർഷിക സർവ്വകലാശാലയുടെ ഒഫിഷ്യൽ വെബ്സൈറ്റിൽ നിന്നും ലഭ്യമാണ്. (http/www.kau/tenders)**

**<u>ടെൻഡർ സംബന്ധിച്ച മറ്റു നിബന്ധനകൾ:</u>**

- ടെൻഡർ ലഭിക്കുന്നവർ ക്വട്ടേഷൻ തുകയുടെ മൂന്നിൽഒന്ന് (1/3) ടെൻഡർ അംഗീകരിച്ച് മൂന്ന് ദിവസത്തിനകം അടയ്ക്കേ താണ്. ശേഷിക്കുന്ന തുക **15.12.2023** ന് മുൻപ് അടയ്ക്കേ താണ്. അല്ലാത്തപക്ഷം ടെൻഡർ റദ്ദ് ചെയ്യുന്നതും നിരതദ്രവ്യം സ്ഥാപനത്തിന് മുതൽക്കൂട്ടുന്നതും നിയമാനുസൃതമായ മറ്റു നടപടികൾ സ്വീകരിക്കുന്നതുമാണ്.
- അമ്യൂസ്മെന്റ് പാർക്കിന്റെ ടെൻഡർ നൽകുന്നവർ ഉദ്ദേശിക്കുന്ന ഇനങ്ങൾ പ്രത്യേകം കാണിച്ചിരിക്കണം
- ടെൻഡർ ലഭിക്കുന്നവർ വൈദ്യുതിക്കുള്ള സംവിധാനം സ്വയം ഏർപ്പെടുത്തേ താണ്.
- സുരക്ഷാ സംബന്ധമായ എല്ലാ ഉത്തരവാദിത്വങ്ങളും ടെൻഡർ ലഭിക്കുന്ന വ്യക്തിയ്ക്കായിരിക്കും.
- എല്ലാവിധ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചും ആവശ്യമായ ലൈസൻസും നേടിയശേഷമേ വിനോദോപകരണങ്ങൾ, യന്ത്രങ്ങൾ ഇവ പ്രവർത്തിപ്പിച്ചു തുടങ്ങാവൂ. ഇത് സംബന്ധിച്ചുള്ള എല്ലാ രേഖകളും **25.12.2023** ന് മുൻപായി ആഫീസിൽ ഹാജരാക്കേ താണ്
- നിരതദ്രവ്യം അസ്സോസിയേറ്റ് ഡയറക്ടറുടെ പേരിൽ മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റ്/പണം ഓഫീസിൽ നേരിട്ട് ഒടുക്കിയ രസീത് ആയോ മാത്രമേ സ്വീകരിക്കുകയുള്ളൂ.
- ആദ്യം പൊതുലേലവും തുടർന്ന് ടെൻഡർ തുറക്കുന്നതും ആവശ്യമെങ്കിൽ അന്നേദിവസം തന്നെ സന്നിഹിതരായവരുടെ സാന്നിധ്യത്തിൽ പുനർ ലേലവും നടത്തുന്നതുമാണ്.
- ആവശ്യമായ സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കാതെയും ലൈസൻസ് നേടാതെയും പ്രവർത്തിക്കുന്ന പക്ഷം ലേലം നേടിയശേഷംഎപ്പോൾവേണമെങ്കിലും ആയതിന്റെപ്രവർത്തനാനുമതി മുന്നറിയിപ്പില്ലാതെ പിൻവലിക്കുന്നതും നിരതദ്രവ്യം, ലേലത്തുക ഇവ സർവകലാശാലയിലേക്ക് മുതൽക്കൂട്ടുന്നതുമായിരിക്കും.
- കാരണം കാണിക്കാതേയും യാതൊരു മുന്നറിയിപ്പില്ലാതെയും പ്രവർത്തനാനുമതി റദ്ദ്ചെയ്യാനുള്ള പൂർണ്ണ അധികാരം അസോസിയേറ്റ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.
- നിശ്ചിത സമയത്തിനു ശേഷം ലഭിയ്ക്കുന്ന ടെൻഡറുകൾ പരിഗണിയ്ക്കുന്നതല്ല.
- **200/- രൂപ മുദ്രപത്രത്തിൽ പ്രാഥമിക ഉടമ്പടി സഹിതം നിർദ്ദിഷ്ട ഫോറത്തിൽ തയ്യാറാക്കി ടെൻഡർറുകൾ സമർപ്പിക്കാവുന്നതാണ്.**
- ടെൻഡർ സമർപ്പിച്ചവർക്ക് ഏറ്റവുംകൂടിയ നിരക്കിലുള്ള ടെൻഡർ തൃപ്തികരമെങ്കിൽ സ്വീകരിക്കുന്നതാണ്. യാതൊരു കാരണവും കാണിക്കാതെ തന്നെ ഏറ്റവുംകൂടിയ നിരക്കി

ലുള്ള ടെൻഡർ സ്വീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ ഈ ഓഫീസിലെ മേധാവിക്ക് അധികാരം ഉ ായിരിക്കും.

- ടെൻഡർ ഉറപ്പിക്കുന്ന വ്യക്തി, ഈ ഓഫീസിൽ നിന്നുള്ള ഓർഡർ/നിർദ്ദേശങ്ങൾ അനുസരിച്ച് പൂർണ്ണ ഉത്തരവാദിത്വത്തോടെ ജോലി ഏറ്റെടുത്ത് ചെയ്യാൻ ബാദ്ധ്യസ്ഥനാണ്. അല്ലാത്തപക്ഷം നിരതദ്രവ്യം സർവകലാശാലയ്ക്ക് മുതൽകൂട്ടാകുന്നതും തക്കതായ നടപടികൾ സ്വീകരിക്കുന്നതാണ്.
- സർക്കാർ ടെൻഡറിലെ എല്ലാ നിബന്ധനകളും ഈ ടെൻഡറിനും ബാധകമാണ്. നികുതികൾ ബാധകമാണെങ്കിൽ അത് ടെൻഡർ ലഭിച്ച വ്യക്തിയിൽ നിന്നും ഈടാക്കുന്നതാണ്.
- ടെൻഡർ കാലയളവിൽ സ്വീകരിച്ചിരിക്കുന്ന നിരക്ക് യാതൊരു കാരണവശാലും കുറയ്ക്കുന്നതല്ല.
- ടെൻഡർ ദിവസം അവധി പ്രഖ്യാപിക്കുകയോ പൊതു ജനങ്ങൾക്ക് യാത്രാതടസ്സം ഉ ാകുകയോ ചെയ്താൽ തൊട്ടടുത്ത പ്രവൃത്തി ദിനത്തിൽ ടെൻഡർ തുറക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിനങ്ങളിൽ ഓഫീസിൽ നിന്ന് അറിയാവുന്നതാണ്.

(ഒപ്പ്/-)
**അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്**

നോട്ടീസ് ബോർഡ്

പകർപ്പ് : പഞ്ചായത്ത് ഓഫീസ്, വില്ലേജ് ഓഫീസ് ,വിതരണത്തിന്

കെ.എ.യു വെബ്സൈറ്റ്/ബിൽ സെക്ഷൻ